# കേരള സർക്കാർ

## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2375 09/12/2014 ലെ മറുപടിയ്ക്ക്**

### സാമ്പത്തിക ഓഡിറ്റിംഗ്

ചോദ്യം
ശ്രീ.എം.ഉമ്മർ

ഉത്തരം
ശ്രീ.കെ.എം.മാണി, ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി

| | ചോദ്യം നം.2375 | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്ത് സാമ്പത്തിക ഓഡിറ്റിംഗ് ശക്തിപ്പെടുത്തുന്നതിനായി പുറപ്പെടുവിച്ച 32/2005/ധന സർക്കുലറിന്റെ വിശദാംശം നൽകാമോ | 1) സർക്കുലർ 32/2005ൽ താഴെപ്പറയുന്ന കാര്യങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു. എല്ലാ വകുപ്പുതലവന്മാരും തങ്ങളുടെ വകുപ്പിൽ ഫിനാൻസ് ഓഫീസർ/അക്കൗണ്ട്സ് ആഫീസർ തലവനായും മറ്റ് ഉന്നത ഉദ്യോഗസ്ഥർ അംഗങ്ങളായും ഒരു മോണിറ്ററിംഗ് കമ്മിറ്റി ഉണ്ടാക്കേണ്ടതും ഇവർ തങ്ങളുടെ ഓഫീസിലെ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ സ്ഥിരമായി വിലയിരുത്തേണ്ടതും ആഡിറ്റ് റിപ്പോർട്ടുകളുടെ തുടർ നടപടികൾ വിലയിരുത്തേണ്ടതുമാണ്. |
| | | 2) പ്രസ്തുത മോണിറ്ററിംഗ് കമ്മിറ്റി ഓരോ മൂന്ന് മാസത്തിലും അതത് വകുപ്പുകളിലെ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്തേണ്ടതും വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളിലും ആഡിറ്റും, ആഡിറ്റ് റിപ്പോർട്ടുകളുടെ തുടർനടപടികളും കൃത്യമായും കാര്യക്ഷമമായും നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും ആകുന്നു. |

| | | |
|---|---|---|
| | | 3) ഉപ ഓഫീസുകളിൽ ഓഡിറ്റ് ജോലികളും അതിന്റെ തുടർ നടപടികളും നടത്തുന്നതിലേയ്ക്കായി എല്ലാ ആഫീസുകളിലും ആഭ്യന്തര ക്രമീകരണത്തിലൂടെ പര്യാപ്തമായ ജീവനക്കാരെ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിലേയ്ക്ക് നൽകേണ്ടതാണ്. |
| | | 4) എല്ലാ വകുപ്പുതലവന്മാരും ദീർഘകാലമായി തീർപ്പാക്കാതെ അവശേഷിക്കുന്ന ആഡിറ്റ് തടസ്സവാദങ്ങൾ തീർപ്പാക്കുവാൻ അടിയന്തിരവും സമയബന്ധിതവുമായ നടപടി എടുക്കേണ്ടതാണ്. ആവശ്യമെന്നു തോന്നുന്ന പക്ഷം ആഡിറ്റ് കാലയളവിൽ ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ സഹായവും തേടേണ്ടതാണെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ അത് ഗുരുതരമാണെന്ന് വിലയിരുത്തുകയും അത് ആ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുകയും ചെയ്യുന്നതാണ്. |
| | | 5) എല്ലാ ഓഫീസുകളിലും കേരള ഫിനാൻഷ്യൽ കോഡ് 1 ാം വാല്യത്തിൽ ആർട്ടിക്കൾ 63 ൽ നിഷ്ക്കർഷിക്കും പ്രകാരം ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. |
| (ബി) | പ്രസ്തുത സർക്കുലറിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ | എല്ലാ വകുപ്പുതലവന്മാരിൽ നിന്നും ഇതിനെ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിക്കേണ്ടതുണ്ട്. ആയത് ലഭ്യമായതിന് ശേഷം അതു കൂടി ഏകോപിച്ച് മറുപടി നൽകാവുന്നതാണ്. |
| (സി) | സാമ്പത്തിക ഓഡിറ്റിംഗ് ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ പുതിയ കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ | പോലീസ്, മൃഗസംരക്ഷണ വകുപ്പ്, സാമൂഹ്യ നീതി വകുപ്പ് പഞ്ചായത്ത്, പബ്ലിക് ലൈബ്രറി. പുരാവസ്തു വകുപ്പ്, സാമൂഹിക നീതി വകുപ്പ്, ജലവിഭവ വകുപ്പ്. സ്റ്റേറ്റ് ഇൻഷുറൻസ് വകുപ്പ്, എക്സൈസ് ഇവ ഒഴികെയുള്ള എല്ലാ വകുപ്പുകളിലും 10/06/2005 ലെ 32/2005/ധന സർക്കുലർ പ്രകാരം ഇന്റേണൽ ആഡിറ്റ് വിഭാഗം രൂപീകരിക്കുകയും ആഡിറ്റ് റിപ്പോർട്ടുകൾ ധനകാര്യ (ഐ.എ.സി) വകുപ്പിലേയ്ക്ക് അയച്ചുതരുകയും ചെയ്യുന്നുണ്ട്. ഇന്റേണൽ ആഡിറ്റ് വിഭാഗം രൂപീകരിച്ചിട്ടില്ലാത്ത ടി വകുപ്പുകളുടെ തലവന്മാർക്ക് അർദ്ധ ഔദ്യോഗിക കത്ത് വഴി ഇന്റേണൽ ഓഡിറ്റ് വിഭാഗം രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇന്റേണൽ ആഡിറ്റിംഗ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ധനകാര്യ വിഭാഗത്തിൽ പുനർവിന്യാസം വഴി ഒരു സെക്ഷൻ കൂടി (ഇന്റേണൽ ആഡിറ്റ് സെൽ) രൂപീകരിച്ചിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ